K16U 0602

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE CENTRAL LIBRARY

IV Semester B.A./B.Sc. Degree (CBCSS – 2014 Admn. – Regular)
Examination, May 2016
COMMON COURSE IN MALAYALAM
4 A 10 MAL : രചന-വിവർത്തനം

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ശൈലീചിന്തയെക്കുറിച്ചുള്ള എം. എൻ. കാരശ്ശേരിയുടെ നിരീക്ഷണങ്ങൾ വിശദീകരിക്കുക.

2) മലയാളഭാഷാപഠനത്തിൽ 'ശുദ്ധമലയാളം' എന്ന ഗ്രന്ഥത്തിനുള്ള സ്ഥാനമെന്ത് ? പന്മനരാമചന്ദ്രൻ നായരുടെ ചിന്തകൾ ക്രോഡീകരിക്കുക.

3) 'മദ്ധ്യമവ്യായോഗം' എന്ന പേരിന്റെ ഔചിത്യം പരിശോധിക്കുക.

4) താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.

എ) ആഗോളതാപനം

ബി) അന്ധവിശ്വാസവും അനാചാരങ്ങളും. **(2x7=14)**

II. **മുന്നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) "ഗ്രാമത്തിലെ എരുമകളുടെ രോമം പോലും വെട്ടിക്കൊടുക്കുന്ന ഈ ബാർബർ എന്റെ മുടിവെട്ടാൻ കൂട്ടാക്കാത്തതെന്താ ?" – എന്ന ചോദ്യത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

6) മദ്ധ്യമവ്യായോഗത്തിലെ ഘടോൽക്കചന്റെ സ്വഭാവം നിരൂപണം ചെയ്യുക.

7) കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായ ഭരണഭാഷാമാറ്റത്തിനായുള്ള കമ്മിറ്റിയുടെ കണ്ടെത്തലുകളും റിപ്പോർട്ടിന്റെ അവസ്ഥയും ചർച്ച ചെയ്യുക.

P.T.O.

8) എന്താണ് ശൈലി ? എന്ന ചോദ്യത്തിന് കാരശ്ശേരി നൽകുന്ന വിശദീകരണമെന്ത് ?

9) 'വാനമ്പാടിയോടുള്ള കവിയുടെ അഭ്യർത്ഥനയെന്ത് ? വിശദീകരിക്കുക.

10) കവിതാവിവർത്തനത്തിലെ പ്രശ്നങ്ങളെക്കുറിച്ച് ഉപന്യസിക്കുക. **(4×3=12)**

III. നൂറു വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** കുറിപ്പെഴുതുക.

11) 'ശവപ്പറമ്പിലേക്കുള്ള വഴിയേ പോലെയായിരുന്നു എന്റെ വയറ്' ഏത് കൃതിയിൽ നിന്ന് ? വിശദീകരിക്കുക.

12) മദ്ധ്യമ വ്യായോഗത്തിലെ ബ്രാഹ്മണകുടുംബം അനുഭവിക്കുന്ന വിഷമതയെന്ത് ? ഭീമന്റെ അവസ്ഥയുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.

13) സ്രോതഭാഷയും ലക്ഷ്യഭാഷയും എന്തെന്ന് വിശദീകരിക്കുക.

14) ശൈലീദോഷങ്ങൾ ഏതെല്ലാം ? വിശദമാക്കുക.

15) ''ഇന്നലെയോളമെന്തെന്നറിഞ്ഞീലാ
ഇന്നി നാളെയുമെന്തെന്നറിഞ്ഞീലാ'' ആശയ വിപുലനം ചെയ്യുക.

16) 'ഒരു'വിന്റെ അർത്ഥഭേദങ്ങൾ ഏതെല്ലാം ? **(4×2=8)**

IV. താഴെക്കൊടുത്തിരിക്കുന്നവയിൽ **ആറെണ്ണത്തിന്** **തെറ്റുണ്ടെങ്കിൽ** തിരുത്തുക.

17) ഭാരതീയർ എല്ലാവരും സ്നേഹോദരഭാവത്തോടെ വർത്തിക്കണം.

18) സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ചുമടങ്ങുവാൻ അയാൾ അഗ്രഹിക്കുന്നു.

19) അസ്സംതൃപ്തി.

20) ഉത്തരായണം.

21) പ്രവർത്തി.

22) ഐക്യമത്യം.

23) സുഹൃത്തുക്കളെ സഹായിക്കുന്നതിൽ അവൻ ബദ്ധശ്രദ്ധാലു ആയിരുന്നു.

24) കുടിവെള്ളം പാഴാക്കാതിരിക്കുക; മറ്റുള്ളവരെ പാഴാക്കാൻ അനുവദിക്കാതിരിക്കുക. **(6×1=6)**

______________